**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
e-mail Id : dirdhsedge@kerala.gov.in
Phone No : 0471 2325868

തീയതി : 04/08/2021

എഡി.ഡി1/194013/എച്ച്.എസ്.ഇ/2021

## സർക്കുലർ

വിഷയം : പൊ.വി.വ. -ഹ.സെ.വി - ജീവനക്കാര്യം - സർക്കാർ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ 2021-22 ലെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന : 22/07/2021 ലെ GEDN-C2/55/2021-GEDN നമ്പർ സർക്കാർ കത്ത്.

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരിൽ നിന്നും 2021-22 അധ്യയന വർഷത്തേയ്ക്കുള്ള പൊതുസ്ഥലം മാറ്റത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയുടെ മാതൃക www.dhsekerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം(അനുകമ്പാർഹ വിഭാഗത്തിൽ പരിഗണിക്കേണ്ടതുണ്ടെങ്കിൽ) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ 16/08/2021 തീയ്യതി വൈകിട്ട് 5 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്നതും നിശ്ചിത മാതൃകയിൽ അല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകൾ അയക്കുന്ന കവറിനു പുറത്ത് **"സർക്കാർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർ

GM

Application NO

(for office use only)

|  |
|---|
|  |

**DIRECTORATE OF GENERAL EDUCATION, (HIGHER SECONDARY WING)**

**APPLICATION FOR TRANSFER OF PRINCIPALS OF**

**GOVERNMENT HIGHER SECONDARY SCHOOLS**

Present District :

Present School Code :

Present School Name & Address :

Mobile No. :

Teacher ID Number :

| | | | | | |
|---|---|---|---|---|---|
| 1. | Name of the Principal | | | | |
| 2. | Subject | | | | |
| 3. | Date of Birth | | | | |
| 4. | Date of Retirement | | | | |
| 5 | Date of Government Order Regarding appointment as Principal | | Sl.No. in the Appointment Order | | Name of schools posted as per G.O with school code (First posting as Principal) |

| | | |
|---|---|---|
| 6 | Priority (Tick columns that are applicable only if able to prove eligibility for the same with supporting documents, (self attested copies) which is to be attached with the application) | ☐ Less than one year retirement<br>☐ More than one year but less than two year for retirement<br>☐ SC/ST<br>☐ Physically Challenged<br>☐ Inter Caste Marriage with spouse employed<br>☐ Dependent of Jawan in Service<br>☐ Son/Daughter of Freedom Fighter<br>☐ Parent of Mentally challenged child/children<br>☐ Parents of Hearing impaired/Speech impaired child/children<br>☐ Widow/Widower |
| 7. | Joining date to the present school in the present post | |
| 8. | Period of leave availed if any (other than C/L) in the Current Post | |

| From (dd/mm/yyyy) | To (dd/mm/yyyy) | Nature of Leave |
|---|---|---|
| Column 8 if applicable Date of Rejoining | | |

9 School to which transfer is requested in the order of preference

| Sl No. | Name and address of School | School Code |
|---|---|---|
| | | |
| | | |

NB:-Number of school options may be limited to Twenty

10. Whether eligible for transfer on any Special Grounds (The column need be filled as 'yes' only if able to prove eligibility for the same with supporting documents. (self-attested copies) which is to be attached with the application)

Declaration

.................................................................................................. do hereby declare that the details furnished above are true and that I will be personally responsible if they are found to be incorrect.

Signature of applicant

Place:
Date:

**<u>സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ</u>**

1) പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റം വർഷത്തിൽ ഒരിക്കൽ മാത്രം നടത്തുന്നതാണ്. 2021 - 2022 അധ്യയന വർഷത്തിലെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ 2021 ആഗസ്റ്റ് 16 നകം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് (ഹയർ സെക്കന്ററി വിഭാഗം) ലഭിച്ചിരിക്കണം.
2) സ്ഥലം മാറ്റങ്ങൾക്ക് നിശ്ചിത അപേക്ഷാഫാറത്തിലുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. (മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)
3) പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് തീയതിയും പ്രസ്തുത ഉത്തരവിലെ ക്രമനമ്പരുമാണ് പ്രിൻസിപ്പൽ തസ്തികയിലെ സീനിയോരിട്ടിക്ക് പരിഗണിക്കുക.
4) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലൊഴികെയുള്ള അന്യത്ര സേവന കാലം, വിദേശത്തോ ഇന്ത്യയ്ക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് വേണ്ടിയെടുത്ത ശമ്പള രഹിത അവധിക്കാലം, വിദേശത്തോ ഇന്ത്യക്കുള്ളിലോ ഭാര്യ/ഭർത്താവിനൊപ്പം ചേരുന്നതിനു വേണ്ടിയെടുത്ത ശമ്പള രഹിത അവധിക്കാലം എന്നിവ സ്ഥലംമാറ്റത്തിന് സീനിയോറിട്ടി കണക്കാക്കുന്നതിന് വേണ്ടി പരിഗണിക്കുന്നതല്ല.
5) 2021 ജൂലൈ 30 അടിസ്ഥാനപ്പെടുത്തിയാണ് 2021 - 2022 വർഷത്തെ സ്ഥലം മാറ്റത്തിന് സർവ്വീസ് ദൈർഘ്യം പരിഗണിക്കുന്നത്.
6) പരസ്പര സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കപ്പെടുകയില്ല.
7) അപേക്ഷകൻ നൽകുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകന്റെ ബന്ധുക്കളോ ആശ്രിതരോ നൽകുന്ന സ്ഥലംമാറ്റ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുകയില്ല.
8) 10/09/2004 സ.ഉ (പി) 12/04 ഉത്തരവിലെ മാനദണ്ഡം നമ്പർ 18 ൽ പറഞ്ഞിട്ടുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ, വികലാംഗർ, സർവ്വീസിലുള്ള ജവാന്മാരുടെ ആശ്രിതർ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ തുടങ്ങിയവർക്ക് സ്ഥലംമാറ്റത്തിന് നിലവിലുള്ള പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്. അപേക്ഷക/ അപേക്ഷകൻ ഡോക്ടർമാർ നൽകിയതും, ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതുമായ രേഖകളുടെ പകർപ്പുകൾ സ്ഥലംമാറ്റ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9) 04/12/2007 ലെ സ.ഉ പി.നമ്പർ6/07 പൊ.ഭ.വ ഉത്തരവിൻ പ്രകാരം മിശ്രവിവാഹിതർക്ക് നൽകുന്ന സ്ഥലംമാറ്റം സംബന്ധിച്ച ആനുകൂല്യങ്ങൾ പ്രിൻസിപ്പൽമാർക്കും ബാധകമായിരിക്കും
10) അനുകമ്പാർഹ സ്ഥലം മാറ്റം പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുന്നതായിരിക്കും. ആകെയുള്ള ഒഴിവിന്റെ 10% ൽ കൂടുതൽ അനുകമ്പാർഹ സ്ഥലംമാറ്റം നടത്തുന്നതല്ല. അനുകമ്പാർഹ സ്ഥലം മാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് താഴെ ചേർക്കുന്നു. അനുകമ്പാർഹസ്ഥലം മാറ്റത്തിന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

    എ) അപകടം വഴിയോ ഗുരുതരമായ രോഗം മൂലമോ സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ

ബി) ക്യാൻസർ പോലെ ദീർഘകാല ചികിത്സ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യവുമായ രോഗങ്ങൾ പിടിപെട്ടവർ.

സി) ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ/അമ്മ തുടങ്ങി അപേക്ഷകനെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായ രോഗങ്ങൾ പിടികൂടുകയും അപേക്ഷകന്റെ സാന്നിദ്ധ്യം അനിവാര്യമാവുകയും ചെയ്യുന്ന അവസ്ഥ.

ഡി) അനുകമ്പാർഹ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നവർ മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും ഹാജരാക്കേണ്ടതാണ്.

ഇ) ഇത്തരം സ്ഥലം മാറ്റത്തിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരേ പരിഗണനക്ക് അർഹിക്കുന്നവർ ഒന്നിലധികം പേരുണ്ടെങ്കിൽ പ്രിൻസിപ്പൽ തസ്തികയിലെ സീനിയോറിട്ടി കൂടി പരിഗണിക്കുന്നതായിരിക്കും

11) സൈനിക സേവനത്തിനിടെ മരണമടഞ്ഞ / അംഗവൈകല്യം ബാധിച്ച ജവാന്റെ ഭാര്യ/ഭർത്താവ് പൊതു സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും. ഇത്തരക്കാർക്ക് ഒരേ സ്ഥാപനത്തിലെ കുറഞ്ഞ സർവ്വീസ് ദൈർഘ്യം പരിഗണിക്കേണ്ടതില്ല. ഇത്തരം അപേക്ഷകർ സൈനിക മേധാവിയോ സൈനികക്ഷേമ ഡയറക്ടറോ നൽകുന്ന സർട്ടിഫിക്കറ്റ് സ്ഥലംമാറ്റ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

12) ഹില്ലി ഏരിയയിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ രണ്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്ക് അത് മൂന്ന് വർഷമായി പരിഗണിക്കാവുന്നതാണ്. രണ്ട് വർഷത്തിൽ കുറവ് സർവ്വീസ് ഉള്ളവർക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല.

13) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് മറ്റ് കാര്യങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും ബാധകമായിരിക്കും.

14) ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റത്തിനുള്ള പൂർണമായ അധികാരം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കായിരിക്കും. ഭരണപരമായ കാരണങ്ങളാലോ പൊതു താത്പര്യത്തിന്റെ അടിസ്ഥാനത്തിലോ ഈ മാനദണ്ഡങ്ങൾ ഇളവ് ചെയ്തുകൊണ്ട് / പരിഗണിക്കാതെ പ്രിൻസിപ്പൽമാരെ സ്ഥലം മാറ്റം ചെയ്യുന്നതിനുള്ള അധികാരം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് ഉണ്ടായിരിക്കും.